**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **04-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് നടപടി പൂർത്തീകരിച്ചിട്ടുണ്ടോ? ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | പൂർത്തീകരിച്ചിട്ടില്ല. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ കൈവശമുള്ള സ്ഥലം അളക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്കുവാങ്ങിയതും പൊന്നുംവിലയ്ക്ക് എടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | വൈക്കം ഭൂരേഖാ തഹസീൽദാർ എത്ര തവണ സ്ഥലം സന്ദർശിച്ച് ഭൂമി അളക്കൽ നടപടിക്രമങ്ങൾ നടത്തിയിട്ടുണ്ട്; ആയതിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | താലൂക്ക് സർവ്വെയർ മുഖേന സ്ഥലപരിശോധന നടത്തിയെങ്കിലും അളവ് നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത സ്ഥലത്തിന്റെ റീ സർവ്വേ സ്കെച്ച് ലഭ്യമാണോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഭൂമിയിൽ എന്ത് ആശയക്കുഴപ്പമാണ് നിലനിൽക്കുന്നത്; വ്യക്തമാക്കാമോ; | (സി) | റീസർവ്വെ സ്കെച്ച് ലഭ്യമാണ്. റീസർവ്വെ പ്രകാരം വൈക്കം താലൂക്കിൽ കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റീ സർവ്വെ നമ്പർ 208/33 ൽ 0.1479 ഹെക്ടർ, റീസർവ്വെ നമ്പർ 193 ൽ 8.1719 ഹെക്ടർ ഉൾപ്പെടെ 8.3198 ഹെക്ടർ (20 ഏക്കർ 55 സെന്റ്) വിസ്തീർണ്ണം ഉള്ളതാണ്. റീ സർവ്വെ ബി.റ്റി.ആറിൽ ടി ഭൂമി സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് വിലയ്ക്കു വാങ്ങിയതും പൊന്നും വിലയ്ക്ക് എടുത്തതുമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണത്തേക്കാൾ 1 ഏക്കർ 16 സെന്റ് സ്ഥലം റീസർവ്വെയ്ക്ക് ശേഷം കൂടുതൽ കാണുന്നതിനാലും പോളിടെക്നിക്കിന് ചുറ്റുമതിൽ നിർമ്മിച്ചപ്പോൾ പൊന്നുവിലയ്ക്ക് എടുക്കാത്ത ഭൂമി മതിൽകെട്ടിനുള്ളിൽ ഉൾപ്പെടുത്തിയതായി ശ്രീ. അപ്പു സി.എസ് ചാലപ്പുറത്ത് മ്യാലിൽ എന്നയാൾ പരാതി നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഏറ്റെടുത്ത |

| | | | |
|---|---|---|---|
| | | | ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയതു ലഭ്യമായാൽ മാത്രമേ സർവ്വെ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു. |
| (ഡി) | പോളിടെക്നിക്കിന്റെ കൈവശമുള്ള അധിക ഭൂമി ഏറ്റെടുത്തു മറ്റ് വികസന പദ്ധതികൾക്കായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ